ഹദീസ്

ബിലാൽ

# പാപം ചെയ്യാം; അല്ലാഹു കാണാത്ത ഒരിടത്ത് ഒളിച്ചിരുന്ന്

عَنْ سَعِيدِ بن يَزِيدَ الأَزْدِيِّ ، أَنَّهُ قَالَ لِلنَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : أَوْصِنِي، قَالَ : أُوصِيكَ أَنْ تَسْتَحِيَ مِنَ اللَّهِ عَزَّ وَجَلَّ كَمَا تَسْتَحِي مِنَ الرَّجُلِ الصَّالِحِ (رواه الإمام أحمد).

**സഈദുബ്നു യസീദിൽ അസ്ദിയ്യി(റ)ൽനിന്ന് നിവേദനം. അദ്ദേഹം നബി(സ)യോട് പറഞ്ഞു: 'എന്നെ ഉപദേശിച്ചാലും.' നബി(സ) പറഞ്ഞു: 'നീ അല്ലാഹുവിന്റെ മുമ്പിൽ ലജ്ജ പുലർത്തുക. ഒരു സാത്വികനായ വ്യക്തിയുടെ മുമ്പിൽ ലജ്ജ പുലർത്തുന്നതുപോലെ' (അഹ്മദ്).**

നാം വിലമതിക്കുന്ന ഒരു വ്യക്തി. അയാൾ നമ്മുടെ നാട്ടുകാരനോ കുടുംബക്കാരനോ ആകാം. അദ്ദേഹം നോക്കിനിൽക്കെ പാപങ്ങൾ ചെയ്യാൻ നാം മുതിരുകയില്ല. നമ്മുടെ ലജ്ജാബോധം അതിന് നമ്മെ അനുവദിക്കുകയില്ല. നമ്മൾ അടിമകൾ പരസ്പരമുള്ള കാര്യമാണിത്. അടിമകളുടെയെല്ലാം ഉടമയായ അല്ലാഹുവിന്റെ മുമ്പിലാണെങ്കിലോ? അവൻ നോക്കിക്കൊണ്ടിരിക്കെ അവൻ വെറുക്കുന്ന ഒരു കാര്യം ചെയ്യാൻ നമുക്ക് സാധിക്കുന്നതെങ്ങനെ? ഈ യാഥാർഥ്യത്തിലേക്കാണ് മുകളിലെ നബിവചനം ശ്രദ്ധ ക്ഷണിക്കുന്നത്.

അല്ലാഹു എന്നെ നോക്കിക്കൊണ്ടിരിക്കുന്നുണ്ട് എന്ന ബോധം മനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങിയാൽ പാപങ്ങളിൽനിന്ന് വിട്ടുനിൽക്കാൻ ഒരു പരിധിവരെ നമുക്ക് സാധിക്കും. ഒരിക്കൽ ഇബ്റാഹീമുബ്നു അദ്ഹമിന്റെ അടുക്കൽ ഒരാൾ വന്നു. അയാൾ മനസ്സ് തുറന്നു: 'ശൈഖേ, വിശുദ്ധ ജീവിതം നയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. പക്ഷേ, എത്ര ശ്രമിച്ചിട്ടും കഴിയുന്നില്ല. തെറ്റുകൾ ചെയ്യാൻ മനസ്സ് പ്രേരിപ്പിച്ചുകൊണ്ടേയിരിക്കുന്നു. എന്നെ ഉപദേശിച്ചാലും.' ഇബ്റാഹീമുബ്നു അദ്ഹം പറഞ്ഞു: 'മനസ്സ് പാപം ചെയ്യാൻ പ്രേരിപ്പിക്കുമ്പോൾ താങ്കൾ പാപം ചെയ്തുകൊള്ളുക. അതിൽ പ്രശ്നമൊന്നുമില്ല. എന്നാൽ പാപം ചെയ്യുമ്പോൾ അഞ്ച് നിബന്ധനകൾ പാലിക്കണം.' അതിലൊന്ന് ഇബ്റാഹീമുബ്നു അദ്ഹം പറഞ്ഞതിങ്ങനെ; 'അല്ലാഹു കാണാത്ത ഒരിടത്ത് ഒളിച്ചിരുന്ന് മാത്രമേ പാപം ചെയ്യാവൂ.' ആഗതൻ ആശ്ചര്യത്തോടെ ചോദിച്ചു: 'താങ്കൾ എന്താണ് പറയുന്നത്? അല്ലാഹു കാണാത്ത സ്ഥലം എവിടെയുമില്ലല്ലോ.' അപ്പോൾ ഇബ്റാഹീം പറഞ്ഞു: 'അങ്ങനെയാണെങ്കിൽ, അല്ലാഹു നോക്കിക്കൊണ്ടിരിക്കെ അവന്റെ മുമ്പിൽ പാപം ചെയ്യാൻ നിനക്ക് ലജ്ജ തോന്നുന്നില്ലേ?'

അല്ലാഹു കാണുന്നുണ്ട് എന്ന ബോധമാണ് ചരിത്രത്തിൽ വിശുദ്ധരെ സൃഷ്ടിച്ചത്. ചരിത്രത്തിന്റെ ചുവരുകളിൽ ഇന്നും മായാതെ കിടക്കുന്ന ഒരു വിശുദ്ധ യൗവനമുണ്ട്; പേര് യൂസുഫ്. കൊട്ടാരത്തിൽ വെച്ച് സുലൈഖ യൂസുഫിനെ വശീകരിക്കാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ മുമ്പിൽ രക്ഷപ്പെടാനുള്ള എല്ലാ വഴികളും അടഞ്ഞു. അവളുടെ പ്രലോഭനത്തിൽ വീഴാനുള്ള എല്ലാ അവസരവും ഒത്തുവന്നു. ഒന്ന്, യൂസുഫ് യുവാവാണ്. അതുകൊണ്ട് തന്നെ പെണ്ണിന്റെ മുമ്പിൽ പിടിച്ചുനിൽക്കാൻ പ്രയാസമാണ്. രണ്ട്, യൂസുഫ് അവിവാഹിതനാണ്. ഒരു പെണ്ണിന്റെ പ്രലോഭനത്തിൽ പെട്ടുപോകാനുള്ള സാധ്യത അതിനാൽതന്നെ കൂടുതലാണ്. മൂന്ന്, യൂസുഫ് അന്യനാട്ടുകാരനാണ്. സ്വന്തം നാട്ടിൽ വെച്ച് കൊള്ളരുതായ്മകൾ ചെയ്യാൻ ആളുകൾ ഭയപ്പെടും. കാരണം, പിടിക്കപ്പെട്ടാൽ നാണക്കേടാണ്. നാട്ടിലിറങ്ങി നടക്കാൻ കഴിയില്ല. അന്യനാട്ടിലാകുമ്പോൾ അങ്ങനെ ഒരു പ്രശ്നമില്ല. നാല്, വിരിപ്പിലേക്ക് വിളിക്കുന്നത് സമ്പത്തും സൗന്ദര്യവും സ്ഥാനമാനങ്ങളുമുള്ള പെണ്ണാണ്. അവളുടെ താൽപര്യത്തിന് വഴങ്ങിയാൽ ശിഷ്ടകാലം സുഖലോലുപതയിൽ ജീവിക്കാം. അഞ്ച്, വഴങ്ങിയില്ലെങ്കിൽ യജമാനന്റെ ഭാര്യയെ പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന ചീത്തപ്പേര് നാട്ടിൽ പരത്തുമെന്ന ഭീഷണി. ജയിൽ വാതിലുകൾ അദ്ദേഹത്തിനു വേണ്ടി തുറക്കപ്പെടുകയും ചെയ്യും. ഇവിടെ നോക്കൂ, സുലൈഖ ആവശ്യപ്പെടുന്ന പാപത്തിൽനിന്ന് വിട്ടുനിൽക്കാൻ സഹായിക്കുന്ന ഒരു ഘടകവും യൂസുഫിന്റെ മുമ്പിലില്ല. സാഹചര്യം മുഴുവൻ പിശാചിന് അനുകൂലം. എന്നാൽ അടച്ചിട്ട കൊട്ടാരത്തിന് അകത്താണെങ്കിലും പടച്ചവൻ കാണുന്നുണ്ട് എന്ന ബോധമാണ് യൂസുഫിനെ മഥിച്ചത്. കൊട്ടാരത്തിന്റെ വാതിലുകൾ ചവിട്ടിപ്പൊളിച്ച് അല്ലാഹുവിലേക്ക് ഓടാൻ യൂസുഫിന്റെ മനസ്സ് വെമ്പൽ കൊള്ളുകയായിരുന്നു. അതുകൊണ്ടാണല്ലോ നൈമിഷികമായ സുഖാനന്ദത്തിനു പകരം അദ്ദേഹം ജയിൽ തെരഞ്ഞെടുത്തത്.

അശ്ലീലതയുടെ ലോകത്തേക്ക് ഒരു വിരൽസ്പർശം മാത്രം അകലമുള്ള ഒരു കാലത്താണ് നാം ജീവിക്കുന്നത്. പാപങ്ങളിലേക്കുള്ള എല്ലാ വാതിലുകളും മലർക്കെ തുറന്നു കിടക്കുന്നു. ഇവിടെ യൂസുഫ് നബി പകർന്നു നൽകുന്ന സന്ദേശം നെഞ്ചേറ്റുകയല്ലാതെ നിവൃത്തിയില്ല. അഥവാ വെളിച്ചത്താണെങ്കിലും ഇരുട്ടത്താണെങ്കിലും ആൾക്കൂട്ടത്തിനിടയിലായാലും ഒറ്റക്ക് ഒരു മുറിയിലായാലും പടച്ചവൻ കാണുന്നുണ്ട്. ഓരോ നോക്കും വാക്കും ചലനവും അവൻ നാളെ വിചാരണ ചെയ്യും. ഈ ബോധമാണ് നമ്മുടെ ജീവിതത്തെ നിയന്ത്രിക്കേണ്ടത്.

ചരിത്രത്തിൽ ഒരു മഹതിയുണ്ട്. ഭർത്താവിൽനിന്ന് വേർപിരിഞ്ഞ് ഒറ്റപ്പെട്ടു കഴിയുകയായിരുന്നു അവൾ. ഒരു രാത്രി വിരസതയാൽ വീർപ്പുമുട്ടിയപ്പോൾ അവൾ പാടി: 'ഈ രാത്രിക്ക് എന്തൊരു കരാളത! എന്തൊരു ദൈർഘ്യം! മദിച്ചുല്ലസിക്കാൻ ഒരു പുരുഷനില്ലാത്തത് എന്നെ തളർത്തുന്നു. പടച്ചവനാണ, ഭയപ്പെടേണ്ടുന്ന ഒരു സ്രഷ്ടാവ് ഇല്ലായിരുന്നുവെങ്കിൽ ഈ രാത്രിയിൽ എന്റെ ഈ കട്ടിലിന്റെ കാലുകൾ ഇളകിയാടിയേനെ.'